Draft #39 of File 17152/ADA1 SO/2020/AD A1 Approved by ASSISTANT REGISTRAR I (ADMIN) on 16-Dec-2020 03:04 PM - Page 1

150 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 17152/ADA1 SO/2020/എ ഡി എ 1

തീയതി: 16.12.2020

പ്രിയദർശിനി ഹിൽസ്,

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**<u>സർക്കുലർ</u>**

വിഷയം:- കോവിഡ് 19 നിർവ്യാപനം - മാനദണ്ഡങ്ങളും, ജീവനക്കാരുടെ ക്വാറൻറയിൻ വ്യവസ്ഥകളും - സംബന്ധിച്ച്.

സൂചന :- 1. സർക്കുലർ നം. 17152/AD A1 SO/2020/എഡി.എ1, തീയതി 16.10.2020

2. 16.12.2020 തീയതിയിലെ വൈസ് ചാൻസിലറുടെ കുറിപ്പ് നം. വി.സി./702/02/176/2020.

-----

കോവിഡ് 19 നിർവ്യാപന പ്രവർത്തനങ്ങളുടെ ഭാഗമായി ജീവനക്കാർ പാലിക്കേണ്ട മാനദണ്ഡങ്ങൾ സംബന്ധിച്ച് സൂചന (1) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു.

കേരള സർക്കാരിൻറെ പകർച്ചവ്യാധി നിയന്ത്രണ വിഭാഗത്തിലെ വിദഗ്ധരുമായി നടത്തിയ ആശയവിനിമയത്തിൻറെ അടിസ്ഥാനത്തിൽ, കോവിഡ് മാനദണ്ഡങ്ങൾ സംബന്ധിച്ച് സർവ്വകലാശാലയിലെ ജീവനക്കാർ പാലിക്കേണ്ട പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. കോവിഡ് രോഗിയുമായി 15 മിനിറ്റിലധികം സമയം മാസ്ക് ധരിക്കാതെ ഇടപഴകിയിട്ടുള്ളവർ മാത്രമാണ് ക്വാറൻറയിനിൽ പോകേണ്ടത്. മാസ്ക് ധരിച്ചുകൊണ്ടും സാമൂഹിക അകലം പാലിച്ചുകൊണ്ടും കോവിഡ് ബാധിതനായ വ്യക്തിയുമായി ഇടപെട്ടിട്ടുള്ളവർ ക്വാറൻറയിനിൽ പോകേണ്ടതില്ല.

2. കോവിഡ് നിയന്ത്രണത്തിൻറെ ഭാഗമായി കോവിഡ് രോഗിയുമായി പ്രാഥമിക സമ്പർക്കത്തിൽ ഏർപ്പെട്ടിട്ടുള്ളവർ പരമാവധി 7 ദിവസമാണ് ക്വാറൻറയിനിൽ കഴിയേണ്ടത്. ഈ കാലയളവിൽ ക്വാറൻറയിനിൽ കഴിയുന്നവർ ആരോഗ്യവകുപ്പിൻറെ വ്യവസ്ഥകൾ അനുസരിച്ച് കോവിഡ് പരിശോധനയ്ക്ക് വിധേയമാകേണ്ടതും പരിശോധനാഫലം നെഗറ്റീവ് ആണെങ്കിൽ എട്ടാം ദിവസം ജോലിക്ക് ഹാജരാകേണ്ടതുമാണ്.

3. ഓഫീസിനകത്ത് എല്ലാ ജീവനക്കാരും കോവിഡ് നിയന്ത്രണങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്. ഒന്നിച്ചിരുന്ന് ഭക്ഷണം കഴിക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

4. ജീവനക്കാർ ജോലിസമയത്ത് അവരവരുടെ സെക്ഷനുകളിൽ നിന്ന് പുറത്തുപോകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

5. മാസ്ക് ധരിക്കുന്നതിലും സാമൂഹിക അകലം പാലിക്കുന്നതിലും നിഷ്കർഷ പുലർത്തേണ്ടതാണ്.

6. പൊതു വാഷ്ബേസിനുകൾ, ശുചിമുറികൾ എന്നിവ ഉപയോഗിക്കുമ്പോൾ കോവിഡ് പ്രോട്ടോക്കോൾ പ്രകാരമുള്ള ശുചിത്വം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

7. എയർ കണ്ടീഷനറുകൾ സ്ഥാപിച്ചിട്ടുള്ള ഓഫീസുകളിൽ ആയവയുടെ ഉപയോഗം പരമാവധി കുറയ്ക്കണം. ഓഫീസിലെ എല്ലാ മുറികളിലും വായുസഞ്ചാരം ഉറപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

8. ഏതെങ്കിലും ജീവനക്കാർക്ക് കോവിഡ് സ്ഥിരീകരിക്കുകയാണെങ്കിൽ ആരോഗ്യവകുപ്പിനെ അറിയിച്ച് ആവശ്യമായ ചികിൽസാ സൗകര്യം നൽകുന്നതിനുള്ള നടപടി ബന്ധപ്പെട്ട മേലധികാരി സ്വീകരിക്കേണ്ടതാണ്. രോഗബാധിതനായ ജീവനക്കാരൻ / ജീവനക്കാരി ജോലി ചെയ്യുന്ന സെക്ഷൻ ഉടൻതന്നെ അണുവിമുക്തമാക്കേണ്ടതും പ്രാഥമിക സമ്പർക്കത്തിൽ ഏർപ്പെട്ടിട്ടുള്ള ജീവനക്കാരൊഴികെ ബാക്കിയെല്ലാവരും ജോലിക്ക് ഹാജരാകേണ്ടതുമാണ്.

ഒപ്പ്

**രമേഷ് ആർ**

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)

സ്വീകർത്താവ്

1. എല്ലാ സെക്ഷനുകൾ/ സ്കൂളുകൾ/ ഡിപ്പാർട്ട്മെൻറുകൾ
2. വൈസ് ചാൻസലർ/ പ്രോ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ/ പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എമാർ
4. പി.ആർ.ഒ./ സെക്യൂരിറ്റി ഓഫീസർ/കണ്ടെൻറ് മാനേജ്മെൻറ് സെക്ഷൻ
5. റെക്കോർഡ്സ്/ സ്റ്റോക്ക് ഫയൽ/ ഡേ ഫയൽ/ ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #39 of File 17152/ADA1 SO/2020/AD A1 Approved by ASSISTANT REGISTRAR I (ADMIN) on 16-Dec-2020 03:04 PM - Page 2